പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3288 — 23.3.2015-ൽ മറുപടിക്ക്

പാർട്ട്ണർ കേരള നഗരവികസന സംഗമം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.അൻവർ സാദത്ത്<br>" പി.എ.മാധവൻ<br>" ഡൊമിനിക് പ്രസന്റേഷൻ<br>" പാലോട് രവി | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| (എ) പാർട്ട്ണർ കേരള നഗരവികസന സംഗമം സംഘടിപ്പിച്ചുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. 2014 ഫെബ്രുവരി 24, 25 തീയതികളിൽ കൊച്ചി ടാജ് ഗേറ്റ്‌വേയിൽ വച്ച് പാർട്ട്ണർ കേരള നഗരവികസന സംഗമം നടത്തിയിരുന്നു. |
| (ബി) നഗരവികസന പദ്ധതികൾക്ക് പൊതു-സ്വകാര്യ പങ്കാളിത്തത്തിൽ നിക്ഷേപകരെ തേടുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത സംഗമത്തിൽ ഉൾപ്പെടുത്തിയിരുന്നത് എന്ന് അറിയിക്കുമോ; | (ബി) പാർട്ണർ കേരള മീറ്റിൽ ആകെ 90 പ്രോജക്ടുകളാണ് അവതരിപ്പിച്ചത്. പ്രോജക്ട് പ്രൊഫൈയിലുകളുടെ 'പവർ പോയിന്റ്' അവതരണത്തിലൂടെ മൂന്ന് ഹാളിലായി അവതരണത്തിൽ പങ്കെടുത്ത നിക്ഷേപകർ മുമ്പാകെ അവതരിപ്പിച്ച പ്രോജക്ടുകൾ വിശദീകരിച്ചു. പദ്ധതികൾ സംബന്ധിച്ച് |

ആശയ വിനിമയം നടത്തുന്നതിനുമായി ബന്ധപ്പെട്ട നഗരസഭാ അദ്ധ്യക്ഷൻമാർക്കും സെക്രട്ടറിമാർക്കും എഞ്ചിനീയർമാർക്കും നിക്ഷേപകർക്കും വേദി ഒരുക്കി അവസരം നൽകി. വിവിധ മേഖലകളിലുള്ള പദ്ധതികൾക്കനുസരിച്ച് സാങ്കേതിക വിവരം ചർച്ച ചെയ്യുന്നതിന് ശുചിത്വ മിഷൻ ഉദ്യോഗസ്ഥരെയും ചീഫ് എഞ്ചിനീയർ തദ്ദേശസ്വയംഭരണ വകുപ്പ്, പ്രോജക്ട് ഡയറക്ടർ കെ.എസ്.യു.ഡി.പി, ചീഫ് ടൗൺ പ്ലാനർ തുടങ്ങിയ ഉദ്യോഗസ്ഥരുടെ സേവനവും ലഭ്യമാക്കിയിരുന്നു. കൂടാതെ നിക്ഷേപകരുടെ ആശയ നിവാരണത്തിനായി അവസരം ഒരുക്കി.

**(സി) ഏതെല്ലാം മേഖലകളിലുള്ള പദ്ധതികളാണ് ഇതിൽ അവതരിപ്പിക്കപ്പെടുന്നത്; വിശദമാക്കുമോ ?**

സി) സോളിഡ് വേസ്റ്റ് മാനേജ്മെന്റ്, ഷോപ്പിംഗ് കോംപ്ലക്സ്, കൺവെൻഷൻ സെന്റർ, മൾട്ടിപ്ലക്സ് സിനിമാഹാൾ, അമ്യൂസ്മെന്റ് പാർക്ക്, ഫൂട്ട് ഓവർ ബ്രിഡ്ജ്, പാർക്കിംഗ് മാർക്കറ്റ്, ബസ് ടെർമിനൽ, കംഫർട്ട് സ്റ്റേഷൻ, പാർക്ക്, നഗരവൽക്കരണം, സ്ട്രീറ്റ് ലൈറ്റ്, ഹോർഡിംഗ്സ് എന്നീ മേഖലകളിലുള്ള പദ്ധതികളാണ് പാർട്ണർ കേരളയിൽ അവതരിപ്പിച്ചിട്ടുള്ളത്.

**സെക്ഷൻ ഓഫീസർ**